# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 777

13.06.2012 - ൽ മറുപടിക്ക്

### പൊന്നാനി താലൂക്കിൽ ശുദ്ധജല വിതരണത്തിനുള്ള നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.ശ്രീരാമകൃഷ്ണൻ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പൊന്നാനി താലൂക്കിൽ വാട്ടർ അതോറിറ്റിക്ക് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റില്ലാത്തതുകൊണ്ട് ജനങ്ങൾ മലിനജലം ഉപയോഗിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വെച്ചിട്ടുള്ള അവിടുത്തെ ശുദ്ധജല വിതരണ പദ്ധതിക്ക് ആവശ്യമായ പണം നീക്കി വച്ച് പദ്ധതി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) നിലവിൽ ഫിൽട്രേഷൻ വഴി അണുവിമുക്തമാക്കിയാണ് ജലവിതരണം നടത്തിവരുന്നത്. പൊന്നാനി മുൻസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ഒരു പദ്ധതിയുടെ സർവ്വേ നടന്നു വരുന്നു. പൊന്നാനി താലൂക്കിൽ കുടിവെള്ള പദ്ധതിക്കായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) ചമ്രവട്ടം റഗുലേറ്റർ-കം ബ്രിഡ്ജ് യാഥാർത്ഥ്യമായതോടെ ശുദ്ധ ജലം ധാരാളം സംഭരിക്കപ്പെടുന്നുണ്ടെങ്കിലും അത് വിതരണം ചെയ്യുന്നതിനാവശ്യമായടാങ്കും വിതരണ ശൃംഖലയുമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ പൊന്നാനി മുൻസിപ്പാലിറ്റി, മാറഞ്ചേരി, വെളിയങ്കോട്, പെരുംമ്പടപ്പ്, ആലങ്കോട് എന്നീ പഞ്ചായത്തുകളിലേയ്ക്ക് ജലമെത്തിക്കാൻ ആവശ്യമായ ടാങ്കും പൈപ്പുകളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | പൊന്നാനി മുൻസിപ്പാലിറ്റിക്ക് വേണ്ടി വിഭാവനം ചെയ്യുന്ന പദ്ധതി യാഥാർത്ഥ്യമായാൽ ടി പ്രദേശത്ത് ആവശ്യമായ ജലം ലഭിക്കുന്നതാണ്. മാറഞ്ചേരി, വെളിയങ്കോട് പെരുമ്പടപ്പ്, ആലങ്കോട് പഞ്ചായത്തുകൾക്ക് വേണ്ടി പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ